# ചെട്ടിപ്പടിയിൽ കടലാമകളെത്തി

വിനോദ്കുമാർ ദാമോദർ

എല്ലാവർഷവുമെന്നപോലെ ഇത്തവണയും വള്ളിക്കുന്ന (മലപ്പുറം) ചെട്ടിപ്പടിയ്ക്കടുത്ത കടപ്പുറത്ത് കടലാമകൾ മുട്ടയിടാനെത്തി.



ഈ ആമകൾ ദേശാടനപക്ഷികളേപ്പോലെ തന്നെ പതിനായിരക്കണക്കിന് കിലോമീറ്റർ കടന്ന് മുട്ടയിടാൻ വേണ്ടിമാത്രം ഇവിടെയെത്തുന്നവയാണ്.

കുറച്ചു വൈകിയാണ് ഈ കൊല്ലം കടലാമകളെത്തിയതെങ്കിലും ആമകളെ പരിരക്ഷിക്കാനും മുട്ടകൾ സൂക്ഷിച്ചുവെച്ചു അവ വിരിയിച്ചു കടലിലേക്കു മടക്കിയയക്കാനും കേരളസംസ്ഥാന വനംവകുപ്പ് ഇവിടെ നിയമിച്ചിരിക്കുന്ന വാച്ചർമാർക്കിതൊരു ആവേശമായി. (മുട്ടകൾ ലഭിച്ചില്ലെങ്കിൽ പാർട്ട് ടൈം ജോലി ചെയ്യുന്ന ഇവർക്ക് വേതനമില്ലല്ലോ.)

മുട്ടയിടാൻ വേണ്ടി രാത്രി കാലങ്ങളിലാണ് പെൺ ആമകൾ കരയിൽ കയറുക. ഇരുട്ടത്ത് ഒരു കുഴിയുണ്ടാക്കി ഏകദേശം 150ഓളം മുട്ടയിട്ടതിനു ശേഷം മണ്ണുകൊണ്ടുമൂടി ഇവ അതിവേഗത്തിൽ കടലിലേക്കുമടങ്ങും. മുട്ടയിട്ടുകഴിയുമ്പോഴേക്കും ക്ഷീണിച്ചവശയാകുന്ന ഇവർ കടലിലേക്കു രക്ഷപ്പെടുവാൻ തിടുക്കം കാണിക്കും.

അറുപതു ദിവസത്തിനകം വിരിഞ്ഞുപുറത്തു വരുന്ന ചെറിയ ആമക്കുഞ്ഞുങ്ങളെ കടലിൽ എത്തിക്കുകയെന്നതാണ് വാച്ചർമാരുടെ ജോലി. ചെട്ടിപ്പുറത്ത് ആത്മാർത്ഥതയോടെത്തന്നെ ഇവർ ജോലി നിർവ്വഹിക്കുന്നു.

മുട്ടകളെ കുറുക്കൻ, ഞണ്ട് തുടങ്ങിയ ജീവികളിൽ നിന്നും സംരക്ഷിക്കുകയെന്നതാണ് ബുദ്ധിമുട്ടുള്ള ജോലി. വന്യമൃഗസംരക്ഷണ നിയമം 1972 പ്രകാരം സുരക്ഷിതമായ ഈ ജീവികളേയോ, ഇവരുടെ മുട്ടയേയോ ഉപദ്രവിക്കുന്നത് ക്രിമിനൽ കുറ്റങ്ങളാണ്. അഞ്ച് വർഷം വരെ തടവ് അനുഭവിയ്ക്കാവുന്ന കുറ്റങ്ങളാണിവ.